**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **22-01-2021 - ൽ മറുപടിയ്ക്ക്**

**ചീക്കോട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്ന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിലേക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ നീട്ടി വലിക്കുന്ന പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പള്ളിക്കൽ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം 9599 ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തിക്ക് 30കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 26.80 കോടി രൂപയാണ് പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ അനുമതി തുക. |
| (ബി) | പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം ഭാഗങ്ങളിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് പദ്ധതിപ്രകാരം ജലവിതരണ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പദ്ധതിയിലൂടെ എത്ര ഉപഭോക്താക്കൾക്കാണ് പൈപ്പ് ലൈൻ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഏതെല്ലാം വാർഡുകളിലാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പള്ളിക്കൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കുമായി 9599 ഗാർഹിക കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്ന ഈ പ്രവർത്തിയുടെ ഭാഗമായി 120 കി. മി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് സർവ്വേ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വീണ്ടും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ടെങ്കിൽ ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കെ.ആർ.ഡബ്ല്യൂ.എസ് പദ്ധതി പ്രകാരം ചേലാരിയിൽ നിന്ന് വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ കൊടക്കാട്-ലേക്ക് ജലവിതരണ സംവിധാനം സ്ഥാപിക്കുന്നതിന് കിഫ്ബി ഫണ്ട് വകയിരുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 68 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ നിലവിലെ പദ്ധതിയിൽ ജലലഭ്യത കുറവുള്ളതുകൊണ്ടും, റോഡ് കട്ടിങ്ങിനുള്ള തുക അധികരിച്ചുള്ളത് കൊണ്ടും ഈ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല |
| (ഡി) | പ്രസ്തുത പദ്ധതി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് റീസ്റ്റോറേഷൻ ഇനത്തിൽ വൻ തുക നൽകണമെന്ന ആവശ്യത്തിൻമേൽ ആണോ പദ്ധതി നടപ്പാക്കാൻ സാധിക്കാത്തത് എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഇല്ല. നിലവിലെ പദ്ധതിയിൽ ജലലഭ്യത കുറവുള്ളതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല. ഇതിനു പകരമായി വള്ളിക്കുന്ന് പഞ്ചായത്തും, ചേലേമ്പ്ര , മൂന്നിയൂർ (ഭാഗികം), തേഞ്ഞിപ്പലം പഞ്ചായത്തുകളും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയും ഉൾക്കൊള്ളുന്ന ഒരു സമഗ്ര |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ